61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

61-ാമത് കേരള സ്കൂൾ കലോത്സവം 2023 ജനുവരി 3 – 7 കോഴിക്കോട്

Item Code: 639 Participant Code: 112

വിഷയം :- ഈ വഴി നടക്കാം

## ലോകവീഥി താണ്ടാം

വിശാലമീ ഭുവനം സുഖദു:ഖസമ്മിശ്രം
ആധികൾ, വ്യാധികളും, നന്മകൾ തിങ്ങും ലോകം
മാനസംവിങ്ങും പല കയ്പേറുമനുഭവം
കഷ്ടനഷ്ടങ്ങളേറും ജീവിതവഴിയിത്
അകതാരിന്നാനന്ദമേകുന്ന യാഥാർത്ഥ്യവും
മനംകുളിർപ്പിക്കുന്ന മാധുര്യാനുഭവവും
കൊച്ചുകിനാവിനേരം കൺകളിൽവിരിയുന്നേ
നേത്രഭിത്തിക്കുള്ളിലായ് തെളിയുന്നിരുപാത
മുള്ളുകൾതിങ്ങും നോവും നിറയും പാതയതും
മനംകുളിർപ്പിക്കുന്ന രമ്യമാം വീഥിയതും
എണ്ണിത്തിട്ടപ്പെടുത്താപറ്റങ്ങൾ പോകുന്നല്ലോ !
കാണുമ്പോൾ ഇമ്പമേറും മോഹന വഴിയേറെ
വേദനതുളുമ്പുന്ന കണ്ണുനീരൊലിക്കുന്ന
പാതേചരിക്കാനവർ വിസമ്മതിച്ചീടുന്നു
ജീവിതജയത്തിനായ് ആവശ്യമതേയതേ
'സന്തോഷ'മൊപ്പമായ് 'സന്താപ'മെന്നുമോർക്ക

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

Item Code: 639 Participant Code: 112

സ്വീകരിച്ചീടു നിങ്ങൾ കഷ്ടാനുഭവങ്ങളെ
ഇഷ്ടത്തോടൊപ്പമായി ജീവിതം താണ്ടീടുമ്പോൾ
ഈലോകം തിങ്ങീടുന്നു മാനസം വിങ്ങീടുന്നു
സുഖങ്ങൾ തേടിയോടും മാനുഷ്യരെങ്ങെയെങ്ങും!
ഏറീടും സമ്പത്തും ലഹരിക്കുഴിയിലും
വീണിടും മർത്ത്യരുടെയെണ്ണം പെരുകീടുന്നു
വേദന നിരസിക്കും ധൂർത്തരായ് ജീവിച്ചീടും
സമ്പത്തിൻ പിന്നാലെയും പരക്കം പായും ലോകർ
വരുവിൻ മാലോകരേ, താണ്ടീടുകീവഴിയും
സുഖങ്ങൾ ദുഃഖങ്ങളും ഇഴചേരുമീവഴി
മനം മരവിപ്പിക്കും മുള്ളുകളുണ്ടെങ്കിലും
പാത തന്നവസാനം രമ്യം ഹാ! സന്തോഷവും
നന്മകൾ ശീലിച്ചിട്ടും തിന്മകൾ വെടിഞ്ഞിട്ടും
ചരിക്കാമീ വഴിയേ എത്തിടാം ലക്ഷ്യത്തിലും
ഈ വീഥി തന്നിൽ നമ്മെ തേടിയണയും കഷ്ട-
തകളും നേരിടാമേ പനിനീർപ്പൂ പോലങ്ങ്
സമ്പത്തിൻ കെട്ടുകളീ യാത്രയിൽ മാറ്റിവയ്ക്കാം
സ്നേഹത്തിൻ മഹോന്നമാം ചുമടും പേറിപ്പോകാം
സോദരേ ഏകരായ് നാം ഈ പാത കടന്നീടാം
ഈ വഴിക്കപ്പുറമാം നാകത്തിലെത്തിച്ചേരാം!

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)